(ബി) പ്രസ്തുത പദ്ധതിക്കായി ആയിരം ഏക്കർ സ്ഥലം വിട്ടുകൊടുക്കേണ്ടതായിട്ടുണ്ട്. പദ്ധതിയുടെ മൊത്തം ചെലവ് സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ തിട്ടപ്പെടുത്തിവരുകയാണ്.

(സി) ഇല്ല. താരിഫ് നിശ്ചയിച്ചിട്ടില്ല.

ലോട്ടറി മേഖലയുടെ സംരക്ഷണം

16(*195) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറിയുടെ ടിക്കറ്റുകൾ ദുരുപയോഗപ്പെടുത്തുന്നില്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ ഉപയോഗിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗാംബ്ലിംഗ് നടത്തുന്നതായ വാർത്തകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(സി) സംസ്ഥാന ലോട്ടറി മേഖല തകർക്കുന്നതിന് അന്യസംസ്ഥാന ലോട്ടറി മാഫിയകളടക്കം ശ്രമങ്ങൾ നടത്തുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വില്പന നടത്തുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോഴും തുടരുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വില്പന നടത്തുന്ന സാഹചര്യമുണ്ടായാൽ അത് സംസ്ഥാന ലോട്ടറിയെ ഏതെല്ലാം തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്. സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത തകർക്കുന്ന രീതിയിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ ഓൺലൈൻ മുഖേനയോ അല്ലാതെയോ നടക്കുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടാൽ അപ്പോൾത്തന്നെ അഡീഷണൽ ഡി.ജി.പി. (ഇന്റലിജൻസ്) മേധാവിയായുള്ള സംസ്ഥാനതല ലോട്ടറി മോണിറ്ററിംഗ് സെല്ലിന്റെ ശ്രദ്ധയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരാറുണ്ട്. ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ ബാർകോഡ്, സീക്രട്ട്കോഡ്, കടക്കുറ്റികൾ തുടങ്ങിയ സുരക്ഷാസംവിധാനങ്ങളോടെ അച്ചടിക്കുന്ന സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ ദുരുപയോഗപ്പെടുത്തുന്നില്ല എന്ന് ഉറപ്പുവരുത്തി രജിസ്റ്റേർഡ് ഏജന്റുമാർക്ക് നേരിട്ട് വകുപ്പിന്റെ വിവിധ ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾവഴി വിതരണം നടത്തി വരികയാണ് ചെയ്യുന്നത്.

(ബി) ഉണ്ട്. തത്സംബന്ധമായി പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളും, പത്രവാർത്തകളും അഡീഷണൽ ഡി.ജി.പി. (ഇന്റലിജൻസ്) മേധാവിയായുള്ള സംസ്ഥാനതല ലോട്ടറി മോണിറ്ററിംഗ് സെല്ലിന്റെ ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്. അംഗീകൃത ഏജന്റുമാർക്കോ, വിൽപ്പനക്കാർക്കോ ഇതിൽ പങ്കുണ്ടെന്ന് അന്വേഷണത്തിൽ കണ്ടെത്തിയാൽ ലൈസൻസ് റദ്ദാക്കൽ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) പരിശോധിച്ചിട്ടുണ്ട്. ബോധപൂർവ്വം, സംഘടിതമായോ അല്ലാതെയോ ലോട്ടറി മേഖല തകർക്കുന്നതിന് അന്യസംസ്ഥാന ലോട്ടറി മാഫിയ ശ്രമിക്കുന്നതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിശോധിച്ചിട്ടുണ്ട്.

(ഇ) അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന സാഹചര്യമുണ്ടായാൽ അത് കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവിൽ ഗണ്യമായ കുറവ് വരുത്തുകയും സംസ്ഥാന ഗവൺമെന്റിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കൂടാതെ പൊതുജനങ്ങളുടെ ഇടയിൽ അന്യസംസ്ഥാന ലോട്ടറി മുമ്പ് അവ നിലവിലുണ്ടായിരുന്ന സമയത്തെപ്പോലെ ചൂതാട്ടമായി പരിണമിച്ച് പല സാമൂഹിക പ്രശ്നങ്ങൾക്കും കാരണമാകാം. എന്നാൽ അത്തരമൊരു സാഹചര്യം ഇപ്പോൾ നിലവിലില്ല.

പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മ പദ്ധതി

17(*196) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly